LIBRARY ARCHIVES Kerala Legislative Assembly

പടനിലം പാലം പ്രവൃത്തി

59(2415) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം, മടവൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പടനിലം പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ലാൻഡ് അക്വിസിഷൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഏറ്റെടുക്കേണ്ട സ്ഥലത്തെ ചമയങ്ങളുടെ വില നിർണ്ണയം നടത്തി എൽ.എ. തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭരണാനുമതി പുതുക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും. സ്ഥലമേറ്റെടുപ്പ് കാര്യങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കരുനാഗപ്പള്ളിയിൽ പത്മനാഭൻ ജെട്ടി പാലം

60(2416) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളിയിൽ പത്മനാഭൻ ജെട്ടി പാലം നിർമ്മിക്കാൻ ബഡ്ജറ്റിലോ മറ്റേതെങ്കിലും തരത്തിലോ പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; തുക അനുവദിച്ചില്ലെങ്കിൽ ഈ പാലം നിർമ്മിക്കുന്നതിന് പത്ത് കോടി രൂപ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

കരുനാഗപ്പള്ളി പത്മനാഭൻ ജെട്ടി - വെള്ളാന തുരുത്ത് പാലം നിർമ്മിക്കാൻ 2020-21 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉണ്ടായിരുന്നത്. 2021-22 ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.